റോഡിൽക്കൂടിയാണ് സർവ്വീസ് നടത്തിവരുന്നത്. കൂടാതെ ഈ നൂട്ടിൽ പത്ത് സ്വകാര്യ ബസ് സർവ്വീസുകളും നടത്തുന്നുണ്ട്. മേൽ പ്രദേശത്ത് പെർമിറ്റ് നൽകിയ ചില ബസ്സുകൾ ട്രിപ്പുകൾ മുഴുവൻ ഓടുന്നില്ല എന്ന പരാതി ആറ്റിങ്ങൽ ആർ.ടി.ഒ.-യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഫലമായി ശക്തമായ നടപടികൾ സ്വീകരിച്ചു വന്നതിന്റെ ഭാഗമായി ബസ്സുകൾ ഇപ്പോൾ കൃത്യമായി ഓടിത്തുടങ്ങിയിട്ടുണ്ട്. ശിവഗിരി പ്രദേശത്ത് അനുഭവപ്പെടുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിന് എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. ഇതിനാവശ്യമായ കർശന നിർദ്ദേശം ആർ.ടി.ഒ.-യ്ക്ക് നൽകുന്നതാണ്.

ഒ. മണ്ണട്ടാംപാറ റെഗുലേറ്ററിന്റെ ശോചനീയാവസ്ഥ

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : സർ, മലപ്പുറം ജില്ലയിലെ തിരുരങ്ങാടി മൈനർ ഇറിഗേഷന്റെ കീഴിലുള്ള മണ്ണട്ടാംപാറ റെഗുലേറ്ററിന്റെ ഷട്ടറുകൾ തുരുമ്പെടുത്ത് നശിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി വേലിയേറ്റ സമയത്ത് ആ പ്രദേശത്ത് ഉപ്പുവെള്ളം കയറി കൃഷി നശിക്കുകയും കുടിവെള്ളത്തിന് വളരെ പ്രയാസം അനുഭവപ്പെടുകയും ചെയ്യുന്നുണ്ട്. ഈ റെഗുലേറ്റർ നിർമ്മിച്ചിട്ടുള്ളത് 1957-ലെ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്താണ്. റെഗുലേറ്റർ പണിതിട്ട് ഇന്നേക്ക് അമ്പത് വർഷം പിന്നിട്ടു കഴിഞ്ഞിരിക്കുകയാണ്. അപ്പോൾ ഇതുമായി ബന്ധപ്പെട്ട് ആ പ്രദേശത്തുള്ള ജനങ്ങൾ വളരെയധികം പ്രയാസം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അടിയന്തരമായി ഈ ഷട്ടറുകൾ മാറ്റി പുതിയ റെഗുലേറ്റർ-കം-ബ്രിഡ്ജ് ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, മണ്ണട്ടാംപാറ വിയർ കം ലോക്കിന്റെ നിലവിലുള്ള ഷട്ടറുകൾ പൂർണ്ണമായും തുറക്കാനും അടയ്ക്കാനും പറ്റാത്ത അവസ്ഥയിലാണ്. വലിയ ഷട്ടറിന്റെ മെക്കാനിസം കേടുവന്നതുകൊണ്ട് ഖലാസികളുടെ സഹായം കൊണ്ടാണ് ഇപ്പോൾ തുറക്കുന്നതും അടയ്ക്കുന്നതും. ചെറിയ ഷട്ടറുകളിൽ ഒരു ഷട്ടർ തുറക്കാനും അടയ്ക്കാനും പറ്റാത്ത അവസ്ഥയിലാണ്. വേലിയേറ്റ സമയത്ത് താൽക്കാലികമായി റിംഗ്ബണ്ട് അഥവാ മണൽ ചാക്ക് നിർമ്മിച്ചാണ് ഇപ്പോൾ ഉപ്പുവെള്ളം തടയുന്നത്. മറ്റു രണ്ടു ഷട്ടറുകൾ കൂടി മാറ്റി സ്ഥാപിക്കാനുള്ള പ്രവൃത്തികൾ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 30.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 2008-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചുവെങ്കിലും ഇതുവരെ അംഗീകാരം ലഭ്യമായിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മെക്കാനിക്കൽ വിഭാഗത്തിൽ നിന്നും എസ്റ്റിമേറ്റ് പുതുക്കിയതിനുശേഷം പണി ഏറ്റെടുക്കുന്നതാണ്. പുതിയ റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥിരമായി നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനം ആവശ്യമാണ്. അത് ഏറ്റെടുത്ത് നടപ്പാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly